**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ കോളനികളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ്മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് 2012-13 വർഷം മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം / അംബേദ്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പൂർത്തീകരിക്കാത്ത കിടന്നിരുന്നതുമായ 84% കോളനികളുടെയും പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു |
| (ബി) | പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ നിർവ്വഹിക്കുന്നതിലുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന **അംബേദ്കർ ഗ്രാമം പദ്ധതി**യുടെ നിലവിലെ മാനദണ്ഡ പ്രകാരം *04.07.2019 – ലെ സ.ഉ(അച്ചടി) നം.77/2019/ഫിൻ* പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസിയിൽ നിന്നു മാത്രമേ നിർവഹണ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിക്കൂ എന്നതിനാൽ പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് നിർവാഹമില്ല.<br><br>പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന **അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**യിൽ ഗ്രാമപഞ്ചായത്തുകളെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | അബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പദ്ധതി നടത്തിപ്പിൽ കാലോചിതമായ മാറ്റം വരുത്തുവാൻ തയ്യാറാവുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 3/12/2021 – ലെ സ.ഉ( കൈ) നം. 54/2021/ പജപവവിവ പ്രകാരം ഉത്തരവ് പരിഷ്കരിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ